"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിഷയം:- അങ്കമാലി പോലീസ് സ്റ്റേഷൻ ക്രൈം 201/2020 U/s 279, 304 A IPC നമ്പർ കേസിലെ തൊണ്ടി വാഹനം ലേലം ചെയ്തതുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് നടപ്പാക്കുന്നത്-സംബന്ധിച്ച്

---

ആഭ്യന്തര (ജി) വകുപ്പ്

സ.ഉ.(കൈ) നം.128/2024/HOME തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-

1 അങ്കമാലി ഫസ്റ്റ്ക്ലാസ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ 23.01.2024 തീയതിയിലെ CMP No.547/2023 and CMP 3692/2023 in CC No.747/2020 നമ്പർ ഉത്തരവ്.

2 സംസ്ഥാന പോലീസ് മേധാവിയുടെ 12.02.2024 തീയതിയിലെ U3-27751/2024/PHQ നമ്പർ കത്ത്.

ഉത്തരവ്

അങ്കമാലി പോലീസ് സ്റ്റേഷൻ ക്രൈം 201/2020 U/s 279, 304 A IPC നമ്പർ കേസിലെ തൊണ്ടി മുതലായ KL- 01-AP-8011 നമ്പർ വാഹനം ടി കേസിലെ നിയമനടപടികൾ അവസാനിക്കുന്നതിനു മുൻപേ എറണാകുളം ജില്ലാ പോലീസ് കാര്യാലയത്തിൽ നിന്നും 03/10/2022 ന് MSTC വഴി e-auction നടത്തിയതിനെ തുടർന്ന് ടി വണ്ടിയുടെ രജിസ്റ്റേഡ് ഉടമസ്ഥയായ ശ്രീമതി.സീതമ്മ പിള്ളയ്ക്ക് 2,00,000/-രൂപ വാഹനത്തിന്റെ വിലയായി നല്കുവാൻ പരാമർശം 1 പ്രകാരം കോടതി ഉത്തരവാകുകയുണ്ടായി. ഈ സാഹചര്യത്തിൽ 0055-800-98 other receipt ശീർഷകത്തിൽ സർക്കാരിലേക്ക് അടച്ചിട്ടുള്ള Rs. 4,28,100/-രൂപയിൽ നിന്നും 2,00,000/- രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നും പിൻവലിച്ച് വാഹനത്തിന്റെ വിലയായി പരാതിക്കാരിക്ക് തിരികെ നൽകാൻ അനുമതി വേണമെന്ന് പരാമർശം 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കമാലി പോലീസ് സ്റ്റേഷൻ ക്രൈം

201/2020 U/s 279, 304 A IPC നമ്പർ കേസിലെ തൊണ്ടി മുതലായ KL-01-AP-8011 നമ്പർ വാഹനം ടി കേസിലെ നിയമനടപടികൾ അവസാനിക്കുന്നതിന് മുൻപേ മറ്റു 4 വാഹനങ്ങൾക്കൊപ്പം എറണാകുളം ജില്ലാ പോലീസ് കാര്യാലയത്തിൽ നിന്നും 03/10/2022 തിയതി MSTC വഴി 4,28,100 രൂപയ്ക്ക് e-auction നടത്തുകയുണ്ടായി എന്നതിനാൽ, KL- 01-AP-8011 നമ്പർ വാഹനത്തിന്റെ വില 86000/- രൂപയായി മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത തുക കിഴിച്ചുള്ള ബാക്കി തുക വാഹനം ക്രമപ്രകാരമല്ലാതെ ലേലം ചെയ്തു നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണം എന്ന ഉപാധിയിൽ കോടതി ഉത്തരവ് പ്രകാരമുള്ള രണ്ട് ലക്ഷം രൂപ 34-3 other items എന്ന ശീർഷകത്തിൽ നിന്നും തിരികെ നൽകുന്നതിന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Aravind R S

Date: 13-06-2024 11:51:12

സെക്ഷൻ ഓഫീസർ

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

ജില്ലാ പോലീസ് മേധാവി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (EXP-A3/225/2024-FIN (E-2746380) )

ഇൻഫർമേഷൻ ഓഫീസർ,വെബ് ആൻഡ് ന്യൂ മീഡിയ, ഐ & പി ആർ ഡി

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി